# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.573 — 29.10.2019- ൽ മറുപടിക്ക്

## ചെറുകിട വ്യവസായ സംരംഭകർക്ക് സഹായം

| ചോദ്യം<br>ശ്രീ.പി.കെ. ശശി | | ഉത്തരം<br>ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകർക്ക് എന്തെല്ലാം സഹായമാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ; | എ) & ബി) | വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ ലഭിക്കുന്നതിനായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തിരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കുമായി K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) പ്രസ്തുത സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | | സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ച് പരമാവധി തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി വ്യവസായ വകുപ്പ് ചുവടെ വിവരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

1. **സംരംഭകത്വ സഹായപദ്ധതി**

I. പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 20 ലക്ഷം രൂപ സഹായമായി നൽകുന്നു. വനിതാ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു.

II. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകുന്നു.

III. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു.

IV. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

V. വ്യവസായ വകുപ്പ് ശുപാർശ ചെയ്യുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങൾ മുഖേന ടേം ലോൺ ലഭ്യമാക്കി പ്രവർത്തിക്കുന്ന ഉല്പാദന മേഖലയിലെ വ്യവസായ

സംരംഭങ്ങൾക്ക് ഇ.എസ്.എസ്. പദ്ധതി പ്രകാരം അർഹമായ സഹായത്തിന്റെ 50%, പരമാവധി 3 ലക്ഷം രൂപ സ്റ്റാർട്ട് അപ്പ് സപ്പോർട്ടായി നൽകുന്നു.

**2. നാനോ/ ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി**

5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ് / ഗ്രീൻ വിഭാഗത്തിൽപ്പെട്ട ഉല്പാദക ജോബ് വർക്ക് വിഭാഗങ്ങളിൽപ്പെട്ടതും, വീട്ടിലുള്ളതോ, വീടിനോട്ടു ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ, പട്ടികജാതി/ വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷം ഇതേ രീതിയിൽ പലിശയിളവ് അനുവദിക്കുന്നു.

**3. തകർച്ച നേരിടുന്ന എംഎസ്എംഇ കളുടെ പുനരുദ്ധാരണ പദ്ധതി**

ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും രൂപീകരിച്ചിട്ടുള്ള 'വ്യവസായ മിത്ര' എന്ന എം.എസ്.എം.ഇ. വികസന കമ്മിറ്റി കണ്ടെത്തുന്ന പീഡിത വ്യവസായ സംരംഭങ്ങളെ ധനസഹായം നൽകി പുനരുദ്ധരിക്കുന്നതിന് പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി (Kerala State MSME Revival and Rehabilitation Scheme) നടപ്പിലാക്കി വരുന്നു.

**4. കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി**

ഡെവലപ്പമെന്റ് കമ്മീഷണർ ഫോർ ഹാന്റിക്രാഫ്റ്റ്സ്/ കാഡ്ക്കോ സുരഭി/ എച്ച്.ഡി.സി.കെ/ കെൽപാം/ ബാംബൂ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ ആർട്ടിസാനായി രജിസ്റ്റർ ചെയ്തിട്ടുള്ള പൊതു വിഭാഗത്തിൽപ്പെട്ട കരകൗശല മേഖലയിലെ ആർട്ടിസാൻമാർക്ക് സ്ഥിരമൂലധനത്തിന്റെ 40% പരമാവധി 2 ലക്ഷം രൂപയും വനിതകൾ/ യുവാക്കൾ/ എസ്.സി/ എസ്.റ്റി വിഭാഗങ്ങൾക്ക് 50 % പരമാവധി 3 ലക്ഷം രൂപയും അനുവദിക്കുന്ന പദ്ധതിയാണിത്.

കൂടാതെ കിൻഫ്ര മുഖേന സ്ഥാപിച്ചിട്ടുള്ള ചെറുകിട വ്യവസായ പാർക്കുകളിൽ സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി വ്യവസായം പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ